വാഹന പരിശോധന നടത്തുന്നുണ്ട്. കേരളത്തിലേക്ക് സ്പിരിറ്റ് ഉൾപ്പെടെയുള്ള വ്യാജങ്ങൾ ചെറുവാഹനങ്ങളിൽ സംസ്ഥാനത്തിന് പുറത്തുനിന്നും കടത്തിക്കൊണ്ടുവരാനുള്ള സാദ്ധ്യത മുന്നിൽക്കണ്ട് എല്ലാ ചെക്ക്പോസ്റ്റുകളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെറുവാഹനങ്ങളും ആഡംബര കാറുകളും ഉൾപ്പെടെ എല്ലാ വാഹനങ്ങളും പരിശോധിക്കുകയും ചെയ്യുന്നു. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തുന്നുണ്ട്. കൂടാതെ എക്സൈസ് കമ്മീഷണറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള പ്രത്യേക സ്കാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും സ്പിരിറ്റ് കടത്തിനെക്കുറിച്ചുള്ള ഇന്റലിജൻസ് ശേഖരിച്ച് അതിന്മേൽ നടപടിയെടുത്തുവരുന്നു. ചെക്ക്പോസ്റ്റുകൾ മറികടന്ന് പുതിയ വഴിയിലൂടെ സ്പിരിറ്റ് കള്ളക്കടത്ത് നടത്താൻ സാദ്ധ്യതയുള്ള റോഡുകളിലും വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. ദേശീയ പാതകളിലും വാഹന പരിശോധന നടത്തിവരുന്നു.

(ഡി) 432 പേർക്കെതിരെ അബ്കാരി കേസ്സെടുത്തിട്ടുണ്ട്.

(ഇ) വിവിധ കോടതികളിലായി 1003 കേസുകൾ നിലവിലുണ്ട്.

'ഇട്ടിവ മദ്യവിമുക്ത ഗ്രാമം പദ്ധതി'

88 (7651) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

'ഇട്ടിവ മദ്യവിമുക്ത ഗ്രാമം പദ്ധതി' എന്ന പേരിൽ സമർപ്പിച്ചിട്ടുള്ള പ്രോജക്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ പദ്ധതിക്ക് അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് ബഹു. നിയമസഭാംഗം സമർപ്പിച്ച നിർദ്ദേശത്തിന്മേൽ എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമാക്കി സർക്കാർ പരിശോധിച്ചതിൽ ഈ നിർദ്ദേശം നടപ്പാക്കുന്നതുവഴി സർക്കാരിന് വളരെയേറെ സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്നതിനാൽ അംഗീകാരം നൽകാൻ നിർവ്വാഹമില്ലെന്ന് തീരുമാനിക്കുകയും അതോടൊപ്പം എക്സൈസ് വകുപ്പ് നടപ്പിലാക്കിവരുന്ന ബോധവത്കരണ പ്രവർത്തനങ്ങളിൽ ഇട്ടിവ ഗ്രാമപഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തി പ്രാമുഖ്യം നൽകി അടിയന്തര നടപടികൾ മേലിലും സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

483/2016

LIBRARY ARCHIVES Kerala Legislative Assembly